നം.ബി 4/293/റ്റിസി/2003

ട്രാൻസ്പോർട്ട് കമ്മിഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
തീയതി. 07.10. 2017

## സർക്കുലർ നമ്പർ 16 /2017

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – ബുധനാഴ്ചകളിൽ അപേക്ഷകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :-
1. 01-06-2010 -)o തീയതിയിലെ 3/2010 -)o നമ്പർ സർക്കുലർ
2. 26-07-2011 -)o തീയതിയിലെ 15/2011 -)o നമ്പർ സർക്കുലർ
3. 27-06-2015 -)o തീയതിയിലെ 6/2012 -)o നമ്പർ സർക്കുലർ
4. 01-09-2015 -)o തീയതിയിലെ 21/2015 -)o നമ്പർ സർക്കുലർ

1 സൂചനയിൽ പരാമർശിച്ചിരിക്കുന്ന സർക്കുലർകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മോട്ടോർ വാഹന വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് അതിവേഗത്തിലും മേന്മയേറിയതുമായ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുക എന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടിയാണ് സൂചന (1) –ൽ പരാമർശിച്ചിരിക്കുന്ന സർക്കുലർ പ്രകാരം എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകൾ തുടങ്ങിയത്. ബുധനാഴ്ചകളിൽ ടാക്സ് സംബന്ധമായ ജോലികൾ നടക്കുന്നതിനാൽ ഫാസ്റ്റ് ട്രാക് കൗണ്ടറും, ടാക്സ് കൗണ്ടറും ഒഴികെ മറ്റ് സേവനങ്ങൾ നൽകുന്നില്ല. ഇതുമൂലം ഫാസ്റ്റ് ട്രാക് സേവനങ്ങളിൽ ഉൾപ്പെടാത്ത സേവനങ്ങൾക്കുള്ള അപേക്ഷകൾ ബുധനാഴ്ച ദിവസങ്ങളിൽ സ്വീകരിക്കാത്തതിനാൽ പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി ധാരാളം പരാതികൾ ഈ ഓഫീസിൽ ലഭിക്കുന്നു. പ്രസ്തുത പരാതികൾ പരിഗണിച്ച് സൂചന (2) – ൽ പരാമർശിച്ചിരിക്കുന്ന സർക്കുലർ നമ്പർ 15/2011 – ൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

2 (1) ബുധനാഴ്ചകളിൽ ഫാസ്റ്റ് ട്രാക് സേവനങ്ങളിൽ ഉൾപ്പെടാത്ത സേവനങ്ങൾക്കുള്ള അപേക്ഷകൾ വാഹന ഉടമകൾ നേരിട്ട് സമർപ്പിക്കുകയാണെങ്കിൽ ഇത്തരം

അപേക്ഷകൾ പരിശോധിച്ച് യാതൊരു അപാകതയും ഇല്ലായെന്ന് ഉറപ്പവരുത്തിയശേഷം അവ സ്വീകരിച്ച് കൈപ്പറ്റ് രസീത് നൽകേണ്ടതാണ്.

2 (2) ഓൺ ലൈൻ തകരാറുമൂലമോ മറ്റു സങ്കേതിക തടസ്സമോ കാരണം അപേക്ഷ ഫീസ് ഒടുക്കാൻ കഴിയതെ വന്നാൽ അവയുടെ ഫീസ് കൗണ്ടറിൽ സ്വീകരിച്ച് രസീത് നൽകേണ്ടതാണ്. അപേക്ഷകൾ പരിശോധിച്ച് യാതൊരു അപാകതയും ഇല്ലാ എന്ന് ഉറപ്പവരുത്തിയശേഷമേ ഫീസ് സ്വീകരിക്കുവാൻ പാടുള്ളൂ. ഇങ്ങനെ സ്വീകരിക്കുന്ന അപേക്ഷകൾ അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ സേവനം പൂർത്തിയാക്കി അപേക്ഷകർക്ക് തപാലിൽ അയച്ചു കൊടുക്കേണ്ടതാണ്. ആയതിനാൽ ബുധനാഴ്ചകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും കൈപ്പറ്റ് രസീത് നൽകുന്നതിനുംവേണ്ടി ഒരു സൂപ്രണ്ടിനേയും ഉൾപ്പെടുത്തി ഒരു കൗണ്ടർ തുടങ്ങേണ്ടതാണ്.

2 (3) ഇടനിലക്കാരിൽനിന്ന് യാതൊരു കാരണവശാലും അപേക്ഷകൾ സ്വീകരിക്കരുത്. മിന്നൽ പരിശോധനകളിൽ ഈ നിർദ്ദേശം ലംഘിക്കപ്പെടുന്നതായി കണ്ടെത്തിയാൽ കൗണ്ടർ ഡ്യൂട്ടിയിലുള്ളവർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതാണ്.

2 (4) ബുധനാഴ്ചകളിൽ കൗണ്ടർ ഡ്യൂട്ടിക്കായി ക്ലാർക്കിനേയും സൂപ്രണ്ടിനേയും Rotation അടിസ്ഥാനത്തിൽ നിയമിക്കേണ്ടതാണ്.

2 (5) സീനിയർ ഓഫീസർമാർ ഓഫീസുകൾ സന്ദർശിക്കുന്ന വേളകളിൽ ഈ സർക്കുലർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3 സർക്കുലർ നമ്പർ 15/2011 മേൽ പറഞ്ഞിരിക്കുന്ന ഭേദഗതികളോട് നിലനിൽക്കുന്നതാണ്

2017

4 സർക്കുലർ കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ് :-

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
3 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

പകർപ്പ് :-

1. ട്രാൻസ്പോർട്ട് കമ്മീഷണർ
2. ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി എസ്.റ്റി.എ
3 സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ,
ലാ ഓഫീസർ

} സി.എ മുഖാന്തിരം

അംഗീകാരത്തോടെ.

9/10/2017
സീനിയർ സൂപ്രണ്ട്